കോടി രൂപയുടേയും തുണി സ്റ്റോക്കുണ്ട്. കൂടാതെ പ്രാഥമിക കൈത്തറി സംഘങ്ങളിൽ ഏകദേശം 15 കോടി രൂപയുടെ തുണി കെട്ടിക്കിടക്കുന്നുണ്ട്.

284.(1463) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന കൈത്തറി വികസന കോർപ്പറേഷൻ (ഹാൻവീവ്) ജീവനക്കാരുടെ ശമ്പള പരിഷ്കരണം/ഇടക്കാലാശ്വാസം സംബന്ധിച്ച് സർക്കാർ എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് എന്തെങ്കിലും റിപ്പോർട്ട് സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) ശമ്പള പരിഷ്കരണം നടപ്പാക്കുന്നത് സംബന്ധിച്ച് ജീവനക്കാർക്ക് ഉറപ്പ് നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് ഉറപ്പു നൽകിയത്;

(ഡി) ജീവനക്കാരുടെ ശമ്പളപരിഷ്കരണം നടപ്പാക്കുന്നതിന് സർക്കാർ അടിയന്തിരമായി നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)&(ബി)ഉണ്ട്. ഹാൻവീവ് ജീവനക്കാരുടെ ഇടക്കാലാശ്വാസം സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. കൈത്തറി വികസന കോർപ്പറേഷന്റെ കീഴിലുള്ള ഹാന്റ്ലൂം പ്രോസസ്സ് ഹൗസ് വർക്കേഴ്സ് ആന്റ് ഡിപ്പോ വർക്കേഴ്സിന്റെ വേതനവർദ്ധനവ് സംബന്ധിച്ചുള്ള കരാർ പുതുക്കുന്നത് സംബന്ധിച്ചുള്ള കാര്യവും സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) കഴിഞ്ഞ ഓണക്കാലത്ത് ജീവനക്കാർ പണിമുടക്കും എന്ന സ്ഥിതി വന്നപ്പോൾ ശമ്പളപരിഷ്കരണം ഉടനെ പരിഗണിക്കുന്നതാണ് എന്ന് ഉറപ്പു നൽകിയിട്ടുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

285 (1464) കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കൈത്തറിത്തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള വ്യാപാരികളുടെ ഭാഗത്തുനിന്നുള്ള അംശദായം നിശ്ചയിച്ചതിലുള്ള അപാകത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്പോൾ നിലവിലുള്ള നിയമത്തിലെ അപാകത സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) അംശദായം നിശ്ചയിച്ചതിലെ അപാകത നിമിത്തം കുടിശ്ശികയായിട്ടുള്ള തുക പിരിച്ചെടുക്കാനും വ്യാപാരികൾ കുടിശ്ശിക വരുത്താതിരിക്കാനും നിലവിലുള്ള നിയമത്തിൽ അംശദായം പുതുക്കി നിശ്ചയിച്ച് അപാകത തീർക്കാനാവശ്യമായ നിയമഭേദഗതിക്ക് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly